## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1104 04.02.2019 – ൽ മറുപടിക്ക്**

## ആലുവ-മൂന്നാർ റോഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആന്റണി ജോൺ : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2017-18 വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ ആലുവ-മൂന്നാർ റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ച് ഡി. പി. ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) ആലുവ - മൂന്നാർ റോഡിന്റെ ആലുവ മുതൽ കോതമംഗലം വരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തീകരിച്ച് 134.298 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) വളരെയധികം പ്രാധാന്യമുള്ളതും ആയിരക്കണക്കിന് ടൂറിസ്റ്റുകൾ നിത്യേന ഉപയോഗിക്കുന്നതുമായ പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) & (ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും അടിയന്തിരമായി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ